പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1741 04.10.2011-ൽ മറുപടിയ്ക്ക്

വഴിവിളക്കുകൾ യഥാസമയം തെളിയിക്കാൻ നടപടി .

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വാങ്ങി നൽകുന്ന സ്ട്രീറ്റ്ലൈറ്റുകൾ നിശ്ചിത സമയത്തിനകം തെളിയിക്കാൻ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ തീയതി ഉൾപ്പെടെ ഉത്തരവ് വിശദമാക്കാമോ ; | (എ) 22-03-1997 ലെ സ.ഉ. (എം.എസ്) നം.13/97/പി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റിയിടുന്നതിനും ആഴ്ചയിൽ ഒരു ദിവസം മാറ്റി വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബോർഡ് ഉത്തരവ് നമ്പർ. B.O. (FB) No.496/2004 (Plg.Com 3515/1998)/23-02-2004 പ്രകാരം പ്രസ്തുത പ്രവൃത്തികൾ ബുധനാഴ്ചകളിൽ ചെയ്യുന്നതിനും ബുധനാഴ്ച ദിവസം അവധി ആകുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഇതുപോലെ വാങ്ങി നൽകുന്ന ലൈറ്റുകൾ തെളിയിക്കാൻ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരം വിഷയങ്ങൾ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ ചുമതലയിൻകീഴിൽ കൊണ്ടുവരാൻ കഴിയുമോ ; എങ്കിൽ വിശദമാക്കുമോ ; | (സി) ഇപ്പോൾ പരിഗണനയിലില്ല. തെരുവുവിളക്കുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളുടെയും നോഡൽ ഓഫീസർമാരായി അതാതു ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) അപകടങ്ങൾ പെരുകുന്ന ആറ്റിങ്ങൽ - തിരുവനന്തപുരം ദേശീയപാതയിൽ സ്ട്രീറ്റ്ലൈറ്റുകൾ തെളിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാധന സാമഗ്രികൾ നൽകുന്ന മുറയ്ക്ക് സമയബന്ധിതമായി തെരുവുവിളക്കുകൾ തെളിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ സ്ട്രീറ്റ്ലൈറ്റുകൾ യഥാസമയം തെളിയിക്കുന്നതിന് നടപടി എടുക്കുമോ ? | |

സെക്ഷൻ ഓഫീസർ.